(ഐ) കേന്ദ്രജലവിഭവ മന്ത്രാലയം, കേന്ദ്രധനകാര്യ മന്ത്രാലയം, കേന്ദ്രആസൂത്രണ കമ്മീഷൻ, കേന്ദ്ര വനം-പരിസ്ഥിത മന്ത്രാലയം എന്നിവിടങ്ങളിൽനിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന രണ്ട് വീതം സാമൂഹ്യ പ്രവർത്തകരും.

(ജെ) ശ്രീ. രഞ്ജിത്ത് കുമാർ (അമിക്കസ് ക്യൂറി).

കമ്മിറ്റി രൂപീകരിച്ച് ഉത്തരവായെങ്കിലും കമ്മിറ്റിയുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. സുപ്രീംകോടതി നിർദ്ദേശ പ്രകാരമുള്ള കമ്മിറ്റിയുടെ മീറ്റിംഗുകളിൽ സംസ്ഥാന സർക്കാരിന്റെ പരാമർശ വിഷയത്തിലുള്ള നടപടികൾ ഇനിയും അറിയിക്കാൻ കഴിയുന്നതാണ്. പ്രസ്തുത കമ്മിറ്റിയെ സംസ്ഥാനം അംഗീകരിക്കുന്നുണ്ട്. അതിനാൽത്തന്നെ കേരള സർക്കാർ 12-3-2013-ൽ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ. (ആർ.ടി)നമ്പർ 276/2013/ഡബ്ല്യൂ. ആർ. ഡി. ഉത്തരവുപ്രകാരം ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ കേരളത്തിന്റെ പ്രതിനിധിയായി സ്പെഷ്യൽ കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. പ്രസ്തുത സ്പെഷ്യൽ കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയായി കേരള ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പരാമർശ വിധേയമായ നിവേദനത്തിന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഒരു തീരുമാനമെടുത്ത് കേന്ദ്രസർക്കാരിന് മറുപടി നൽകാൻ നിർവ്വാഹമുള്ളൂ. എന്തായാലും കേരളത്തിന് ഗുണകരമല്ലാത്ത കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് അറിയിക്കണമെന്നുള്ളതാണ് ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട്.

(ഇ) നദീജല സംയോജനം സംബന്ധിച്ച് സുപ്രീംകോടതി വിധിയിൽ ഒരു സ്പെഷ്യൽ കമ്മിറ്റിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ കേരളത്തിന്റെ പ്രതിനിധിയായ സംസ്ഥാന ജലവിഭവ വകുപ്പ് സെക്രട്ടറിയുമുണ്ട്. ഈ കമ്മിറ്റി മുമ്പാകെ കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കാവുന്നതാണ്.

ഖനന നിയന്ത്രണം

65 (7624) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരിസ്ഥിതിക പ്രശ്നങ്ങളുടെ പേരിൽ മണൽ, പാറ എന്നിവയുടെ ഖനനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനാൽ നിർമ്മാണ മേഖലയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർമ്മാണമേഖലയ്ക്ക് ഉപയുക്തമായ മറ്റ് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് പഠനമെന്തെങ്കിലും നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നദികളിൽ നിന്ന് മണൽവാരുന്നതിന് CWRDM, NCESS എന്നിവ തയ്യാറാക്കിയ സാന്റ് ആഡിറ്റ് റിപ്പോർട്ട് ഉപയോഗപ്പെടുത്തി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ (SEIAA) നിന്ന് ആയതിനുള്ള അനുമതി നേടിയെടുക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്വാറി, മണൽ, മണ്ണ് എന്നിവയുടെ പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയിൽ മണൽ, പാറ എന്നിവയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ആൾട്ടർനേറ്റീവ് ടെക്നോളജികൾ അവലംബിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി സെന്റർ ബിൽഡിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ബി.ആർ.ഐ) പോലുള്ള ഗവേഷണ സ്ഥാപനങ്ങൾ അംഗീകരിച്ചതും നിർമ്മിതികേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നതുമായ മണ്ണുകൊണ്ടുള്ള ഇഷ്ടികകൾ, വേസ്റ്റിൽനിന്നും തള്ളുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചെടുക്കുന്ന rubble filler block -കൾ എന്നിവ ഉപയോഗിക്കുന്നത് കൂടുതൽ പ്രചരിപ്പിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രം മാതൃകാ പ്രവർത്തനം നടത്തുന്നതാണ്.

(സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ്സ് എന്ന ഗവേഷണ സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പി.എസ്.സി.-യുടെ പുതിയ വെബ്സൈറ്റ്

66 (7625) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യുടെ പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതുവരെ പഴയ സൈറ്റിന്റെ പ്രവർത്തനം തുടരുമോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly